# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1472.**

**10-02-2020 ൽ മറുപടിയ്ക്ക്**

## ആറൻമുള മണ്ഡലത്തിൽ നെൽകൃഷിയുടെ വർദ്ധന

**ചോദ്യം**

ശ്രീമതി.വീണാ ജോർജ്ജ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ആറൻമുള നിയോജക മണ്ഡലത്തിൽ നെൽകൃഷിയുടെ വിസ്തൃതിയിൽ ഉണ്ടായ വർദ്ധനയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആറന്മുള നിയോജക മണ്ഡലത്തിൽ 277 ഹെക്ടർ നെൽകൃഷിയാണ് ഉണ്ടായിരുന്നത്. നിലവിൽ പ്രസ്തുത നിയോജക മണ്ഡലത്തിൽ 693 ഹെക്ടർ നെൽകൃഷിയുണ്ട്. മൂന്ന വർഷം കൊണ്ട് 416 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ നിയോജക മണ്ഡലത്തിൽ നെല്ലുല്പാദനത്തിൽ ഉണ്ടായ വർധനവിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആറന്മുള നിയോജക മണ്ഡലത്തിൽ 277 ഹെക്ടർ സ്ഥലത്തു നിന്നും 1165 മെട്രിക് ടൺ നെല്ലാണ് ഉല്പാദിപ്പിച്ചിരുന്നത്. നിലവിൽ 693 ഹെക്ടറിൽ നിന്നും 3810 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിച്ചിട്ടുണ്ട്. മൂന്ന വർഷം കൊണ്ട് 2645 മെട്രിക് ടൺ ഉല്പാദന വർദ്ധനവുണ്ടായി. വിസ്തൃതിയിലുണ്ടായ വർദ്ധനവിനു പുറമെ കൃത്യമായ ഇടപെടലുകൾ കാരണം ഉല്പാദനത്തിലും ഉത്പാദന ക്ഷമതയിലും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**